പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6446 11-07-2012 -ൽ മറുപടിക്ക്.

## ഇന്നവേറ്റീവ് ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി.<br>ശ്രീ. ബെന്നി ബെഹനാൻ.<br>ശ്രീ. വർക്കല കഹാർ. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഇന്നവേറ്റീവ് ഭവനനിർമ്മാണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരവികസനപ്രവർത്തനങ്ങളുടെ ഫലമായി നഗരാതിർത്തിയ്ക്കു പുറത്ത് ജോലിസ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി രാത്രകാലങ്ങളിൽ താമസിക്കുന്നതിന് നിർബന്ധിതരാകുന്ന ദുർബലവിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് പ്രത്യേകിച്ച് ദാരദ്ര്യരേഖയ്ക്ക് താഴെയുള്ള വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, വിവാഹമോചനം നേടിയവർ/അവിവാഹിതർ എന്നിവർക്ക് മുൻഗണന നൽകിക്കൊണ്ട് നഗരാതിർത്തിയിൽ തന്നെ താമസ സൗകര്യം ഒരുക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിച്ച് മിതമായ നിരക്കിൽ വാടകയ്ക്ക് നൽകുക എന്നുള്ളതാണ് ഇന്നവേറ്റീവ് ഭവനപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. |
| (ബി) ഈ പദ്ധതിയുടെ 2-ാം ഘട്ടത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഉണ്ട്; ഈ പദ്ധതിയുടെ 2-ാം ഘട്ടമായി തിരുവനന്തപുരത്ത് പൂജപ്പുരയിലും (Phase II) തൃശ്ശൂരിലെ കുട്ടനെല്ലൂരിലും (Phase II) 24 ഫ്ലാറ്റുകൾ വീതം നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളേജിനു സമീപം 16 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും ആയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏതൊക്കെ നഗരങ്ങളിൽ ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട്; വിശദമാക്കുമോ ; | (സി) | തിരുവനന്തപുരത്ത് (പൂജപ്പുര) (Phase I & II) എറണാകുളം (തൃക്കാക്കര), തൃശ്ശൂർ (കുട്ടനെല്ലൂർ) (Phase I, II & III), കോഴിക്കോട് ( മെഡിക്കൽ കോളേജിനു സമീപം (Phase I & II) എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) | സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും ഈ പദ്ധതി വ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ